## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5258** **05-07-2024 - ൽ മറുപടിയ്ക്ക്**

## പച്ചക്കറികളുടെ വില ക്രമാതീതമായി ഉയരുന്ന സാഹചര്യം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പഴം-പച്ചക്കറികൾക്ക് പൊതുവിപണിയിൽ ഉണ്ടാകുന്ന വില വർദ്ധനവ് ജനങ്ങളെ നേരിട്ട് ബാധിക്കാതിരിക്കുന്നതിനായി നടപ്പ് വർഷം സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) | വിപണിയിൽ അമിതമായ വിലവർദ്ധനവ് ഉണ്ടാകാതിരിക്കാൻ ഹോർട്ടികോർപ്പിന്റെ 78 സ്വന്തം സ്റ്റാളുകൾ, 192 ലൈസൻസി സ്റ്റാളുകൾ, 24 മൊബൈൽ യൂണിറ്റുകൾ, വി.എഫ്.പി.സി.കെ-യുടെ 63 തളിർ-ഗ്രീൻ ഔട്ട് ലെറ്റുകൾ , 47 സസ്യ ഔട്ട് ലെറ്റുകൾ, 2 തളിർ സൂപ്പർമാർക്കറ്റുൾ വഴിയും നിലവിൽ കൃഷി വകുപ്പ് വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള വിവിധ മാർക്കറ്റുകൾ, എക്കോഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ക്ലസ്റ്ററുകൾ, സംസ്ഥാനത്തെ ആറ് കാർഷിക മൊത്ത വ്യാപാര വിപണികൾ വഴിയും, അതാതു പ്രദേശങ്ങളിൽ കർഷകർ ഉത്പാദിപ്പിക്കുന്ന പഴം,പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നതിനും, മിതമായ നിരക്കിൽ ഉപഭോക്താക്കൾക്ക് വിപണനം നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.<br><br>2024 ഓണക്കാലത്ത് പഴം-പച്ചക്കറികൾ മിതമായ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി കാർഷിക വികസന കർഷക ക്ഷേമവകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നിവയുമായി സഹകരിച്ച് എല്ലാ പഞ്ചായത്തുകളിലും പ്രത്യേക ഓണവിപണികൾ നടത്താൻ തീരുമാനിച്ചിട്ടുണ്ട്.<br><br>പ്രസ്തുത ഓണച്ചന്തകളിൽ കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതുവിപണിയിലെ വിലയെക്കാൾ 10% അധികം വില നൽകി സംഭരിക്കുന്നതും പൊതുവിപണിയിലെ വിൽപ്പന വിലയെക്കാൾ 30%വരെ കുറഞ്ഞവിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതുമാണ്. |
| (ബി) | വിഷരഹിതവും ഭക്ഷ്യയോഗ്യവുമായ പച്ചക്കറികൾ സംസ്ഥാനത്ത് ലഭ്യമാക്കുവാൻ നടപ്പ് സാമ്പത്തിക | (ബി) | വിഷരഹിതവും ഭക്ഷ്യ യോഗ്യവുമായ സാധനങ്ങളുടെ ലഭ്യതയ്ക്കായി ജൈവകാർഷിക പ്രോത്സാഹന |

| | | | |
|---|---|---|---|
| | വർഷം സ്വീകരിച്ച നടപടി വിശദമാക്കാമോ? | | പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലെ ഉത്തമ കൃഷി മുറകൾ പാലിക്കുന്ന ക്ലസ്റ്റർ രൂപീകരിക്കൽ എന്ന ഘടകത്തിൽ പച്ചക്കറി കൃഷി സ്ഥിരമായി ചെയ്യുന്ന 1000 ക്ലസ്റ്ററുകൾ തെരഞ്ഞെടുത്ത് അവയെ ഉത്തമ കാർഷിക മുറകൾ പാലിച്ച് സുരക്ഷിത ഭക്ഷണം ഉല്പാദിപ്പിക്കുന്നവയാക്കി മാറ്റുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ ജൈവ ഉൽപാദനോപാദികൾ പ്രസ്തുത ക്ലസ്റ്ററുകളിലെ കർഷകർക്ക് യഥേഷ്ടം ലഭ്യമാക്കുന്നതിന് ബ്ലോക്കുതലത്തിൽ പ്രോജക്ട് അടിസ്ഥാനത്തിൽ ജൈവ ഉല്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ